# പതിമൂന്നാം കേരള നിയമസഭ
# ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4181      26/06/2013 ൽ മറുപടിയ്ക്ക്

## <u>പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്</u>

| ചോദ്യം<br>ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. കെ. അച്ചുതൻ<br>ശ്രീ. വി.ഡി. സതീശൻ | | ഉത്തരം<br>ശ്രീ. എ.പി. അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | പ്രൊഫഷണൽ കോഴ്സുകൾക്ക് മെറിറ്റിൽ പ്രവേശനം നേടിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നൽകുന്ന പദ്ധതി നടപ്പാക്കിയോ; വിശദമാക്കുമോ ; | (എ) | പ്രവേശന പരീക്ഷാ കമ്മിഷണർ നടത്തുന്ന പ്രവേശന പരീക്ഷയിലൂടെ പ്രവേശനം നേടുന്ന എം.ബി.ബി.എസ്/ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2012-13 അദ്ധ്യയന വർഷത്തിൽ 1-ാം വർഷവും 2-ാം വർഷവും എം.ബി.ബി.എസ്/ എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പഠിച്ചിരുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കാണ് ലാപ് ടോപ്പ്കൾ അനുവദിക്കുന്നത്. ഈ പദ്ധതിയുടെ ഉദ്ഘാടനം മെയ് 29 ന് നിർവ്വഹിക്കപ്പെടുകയുണ്ടായി. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) | പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന പാവപ്പെട്ട എഞ്ചിനീയറിംഗ്/ എം.ബി.ബി.എസ് വിദ്യാർത്ഥികൾക്ക് പഠനത്തിന് സഹായകരമാകുമെന്ന ഉദ്ദേശ്യലക്ഷ്യത്തോടു കൂടിയാണ് ലാപ് ടോപ്പ് അനുവദിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | എന്തെല്ലാം കേന്ദ്രസഹായമാണ് ഇതിന് ലഭിക്കുന്നത്; വിശദമാക്കുമോ ; | (സി) | ഈ പദ്ധതിയ്ക്ക് കേന്ദ്ര സഹായം ലഭിച്ചിട്ടില്ല. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | 2012-13 അദ്ധ്യയന വർഷം എം.ബി.ബി.എസ്/ എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് ഒന്നാം വർഷവും രണ്ടാം വർഷവും പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങി നൽകുന്നതിനായി ഇ-ടെണ്ടർ മുഖേന ടെണ്ടർ ക്ഷണിച്ചു. ഏറ്റവും കുറഞ്ഞ നിരക്കിൽ quote ചെയ്ത M/s. CUBE IT SOLUTIONS ന്റെ ടെണ്ടർ അംഗീകരിക്കുകയും ലാപ് ടോപ്പ് വിതരണം നടത്തുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. 14 ജില്ലാ പട്ടികജാതി വികസന ഓഫീസുകളിലും ലാപ് ടോപ്പ് വിതരണം നടത്തുന്നതിന് M/s. CUBE IT SOLUTIONS ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി പദ്ധതിയ്ക്കായി 11.25 കോടി രൂപ സ്പെഷ്യൽ TSB അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. അർഹരായ വിദ്യാർത്ഥികൾക്ക് എത്രയും വേഗം ലാപ് ടോപ്പ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ